**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **12-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി കായലിൽ ചെളിയും എക്കലും നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ കൊച്ചി കായലിലേക്ക് വിവിധ പുഴകളും തോടുകളും വന്നു ചേരുന്ന ഭാഗങ്ങളിൽ ചെളിയും എക്കലും ചേർന്ന് തിട്ടകൾ രൂപം കൊള്ളുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നഗരത്തിൽ പെയ്യുന്ന മഴവെള്ളം കായലിലേക്ക് ഇറങ്ങിപ്പോകുന്നതിൽ പ്രസ്തുത തിട്ടകൾ തടസ്സം സൃഷ്ടിക്കുന്നതുമൂലം വെള്ളക്കെട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത തിട്ടകൾ മൂലമുള്ള ചെളിയും എക്കലും നീക്കം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും കൈക്കൊണ്ട നടപടികളുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (സി) | വീരൻപുഴയിലെ തിട്ടകൾ മൂലമുള്ള ചെളിയും എക്കലും നീക്കം ചെയ്യുന്നതിനായി 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (IRR/IA/EST/1100/2023 – 5_7_6) തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വേലിയിറക്ക സമയത്ത് മത്സ്യബന്ധന വഞ്ചികൾ, ബോട്ടുകൾ ഉൾപ്പെടെയുള്ളവ ജെട്ടികളിലേക്കു അടുപ്പിക്കുവാൻ ബുദ്ധിമുട്ടുന്നതും ഇവ ചെളിയും എക്കലും ചേർന്ന തിട്ടകളിൽ ഉറച്ചു പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ